(ബി) ഈ മുന്നറിയിപ്പ് കണക്കിലെടുത്ത് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കടൽഭിത്തി നിർമ്മിക്കാൻ നടപടി

92 [97] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെ തുടർന്ന് കരുതൽ നടപടി എന്ന നിലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കടൽഭിത്തി നിർമ്മിക്കുന്നത്;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ പതിവായി കടലാക്രമണം ഉണ്ടാകുന്ന നീർക്കുന്നത്തും, തോട്ടപ്പള്ളിയിലും കടൽഭിത്തി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചേർത്തല താലൂക്കിൽ അന്ധകാരനഴി, ഒറ്റമശ്ശേരി, ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജില്ലാ ആശുപത്രിക്ക് പടിഞ്ഞാറുവശം കാർത്തികപ്പള്ളി താലൂക്കിൽ തറയിൽക്കടവ് എന്നീ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

സുനാമി ദുരിതാശ്വാസ ഫണ്ട്

93 [98] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ നിധിയിൽ സ്വരൂപിച്ച തുകയുടെ ഒരു നിശ്ചിത ശതമാനം തീരപ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ മാറ്റി വയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) സുനാമി ദുരിതാശ്വാസത്തിലേയ്ക്ക് വേണ്ടി സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കാണ് മുതൽക്കൂട്ടുന്നത്. ദുരിത ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി ആവശ്യമായ പദ്ധതികൾ തയ്യാറാക്കി ആവശ്യമായ തുക സർക്കാർ അനുവദിക്കുന്നതാണ്.

സുനാമി പ്രതിരോധിക്കാൻ നടപടി

94 [99] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പ്രതിഭാസത്തെ പ്രതിരോധിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സുനാമിയെ നേരിടുവാനുള്ള ഫലപ്രദമായ ഉപാധിയാണ് കണ്ടൽക്കാടുകൾ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തീരദേശ മേഖലകളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുവാൻ വനം വകുപ്പിന് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സമഗ്രമായ ഒരു തീരദേശ പരിപാലനം വഴി പല വിധത്തിലുള്ള തീരസംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) സുനാമിയുടെ ആഘാതം ഒരു പരിധിവരെ നേരിടുവാൻ കണ്ടൽക്കാടുകൾ സഹായകമാകും.

(സി) ഇത് സർക്കാർ പരിശോധിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക

95 [100] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രകൃതിക്ഷോഭത്തിനിരയായവരെ സഹായിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 20-1-2005 വരെ എന്തു തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 20-1-2005 വരെ വിവിധ സംഘടനകൾ നൽകിയ തുകയുടെ വിശദവിവരം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly